2025 OCTOBER
23
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ചെറിയ വിട്ടുവീഴ്ചയ്ക്ക് മോദി
# തീരുവ 15 ശതമാനത്തിലേക്ക് താഴ്ത്താൻ യുഎസ്



**ന്യൂദൽഹി:** ഇന്ത്യയ്ക്കുമേൽ യുഎസ് ചുമത്തുന്ന ഇറക്കുമതി തീരുവ 50 ശതമാനത്തിൽ നിന്ന് ട്രംപ് വൈകാതെ 15 ശതമാനത്തിലേക്ക് വെട്ടിക്കുറച്ചേക്കും. വ്യാപാരക്കരാർ സംബന്ധിച്ച് ഇന്ത്യയും യുഎസും തമ്മിലെ ചർച്ചകൾ അന്തിമഘട്ടത്തിലേക്ക് കടന്നു. ചർച്ചകൾ പോസിറ്റീവാണെന്ന് കേന്ദ്രം പറഞ്ഞിരുന്നു. കരാർ യഥാർഥ്യമാകുന്നതോടെ തീരുവഭാരം 15-16 ശതമാനമായി കുറയാം. വൈകാതെ നടക്കുന്ന ആസിയാൻ ഉച്ചകോടിയിൽ മോദിയും ട്രംപും തമ്മിൽ കണ്ടേക്കും. ഉച്ചകോടിയിൽതന്നെ ഇന്ത്യ യുഎസ് ഡീൽ പ്രഖ്യാപനത്തിനും സാധ്യതയുണ്ട്.

റഷ്യൻ എണ്ണ ഇറക്കുമതിയുടെ പേരിൽ ട്രംപിന് ഇന്ത്യയോടുള്ള അമർഷവും കെട്ടടങ്ങും. അതേസമയം, ട്രംപിന്റെ ചില ആവശ്യങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയും വിട്ടുവീഴ്ചയ്ക്ക് തയാറായേക്കുമെന്ന് ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തു. സമവായത്തിന്റെ ഭാഗമായി, റഷ്യൻ എണ്ണ ഇറക്കുമതി ഇന്ത്യ പടിപടിയായി കുറയ്ക്കും. അമേരിക്കയുടെ ചോളവും സോയാബീനും ഇറക്കുമതി ചെയ്യാനും തയാറാകും. ജനിതകമാറ്റം വരുത്തിയ വിളകളുടെ ഇറക്കുമതി പറ്റില്ലെന്ന് ഇന്ത്യ വ്യക്തമാക്കിയിരുന്നു. നോൺജിഐ ചോളവും സോയാബീനുമാകും വാങ്ങുക.

യുഎസ്-ചൈന വ്യാപാരയുദ്ധത്തിന്റെ പശ്ചാത്തലത്തിൽ യുഎസിന്റെ ചോളവും സോയാബീനും വാങ്ങുന്നത് ചൈന വെട്ടിക്കുറച്ചിരുന്നു. ചൈനയായിരുന്നു യുഎസിന്റെ ഏറ്റവും വലിയ ഉപഭോക്താവും. 2022ൽ ചോളം കയറ്റുമതിയിലൂടെ യുഎസ് 18.57 ബില്യൻ ഡോളർ വരുമാനം നേടിയിരുന്നത് കഴിഞ്ഞവർഷം 13.7 ബില്യനിലേക്ക് ഇടിഞ്ഞു. ഈ വർഷം സ്ഥിതി കൂടുതൽ മോശമാണ്. 2022ൽ 5.2 ബില്യൻ ഡോളറിന്റെ ചോളം യുഎസിൽ നിന്ന് ചൈന വാങ്ങിയിരുന്നു. 2024ൽ ഇറക്കുമതി വെറും 0.33 ബില്യൻ ഡോളറിലേക്ക് ചൈന കുറച്ചത് യുഎസിന് ആഘാതമായിരുന്നു. ഈ പശ്ചാത്തലത്തിൽ ചൈനയ്ക്ക് ബദലായി പുതിയ വിപണി നേടുകയെന്ന ലക്ഷ്യത്തോടെയാണ് ട്രംപ് ഇന്ത്യയിലേക്ക് ചായുന്നത്. റഷ്യൻ എണ്ണ ഇറക്കുമതി കുറയ്ക്കുന്ന ഇന്ത്യ, പകരം ഗൾഫിൽ നിന്നും യുഎസിൽ നിന്നും കൂടുതൽ എണ്ണ വാങ്ങും. എണ്ണയ്ക്ക് പുറമേ യുഎസിൽ നിന്ന് പാചകവാതക ഇറക്കുമതിയും ഇന്ത്യ കൂട്ടും. ഇന്ത്യയ്ക്കുമേൽ 25% പകരം തീരുവ പ്രഖ്യാപിച്ച ട്രംപ്, റഷ്യൻ എണ്ണയുടെ പേരിലാണ് 25% അധിക തീരുവ കൂടി പ്രഖ്യാപിച്ച് മൊത്തം 50 ശതമാനമാക്കിയത്. നിലവിൽ ട്രംപ് ഏറ്റവുമധികം തീരുവ പ്രഖ്യാപിച്ച 2 രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ട്രംപുമായി കടുത്ത ഭിന്നതയിലുള്ള ബ്രസീലിനും 50 ശതമാനമാണ് തീരുവ.



## ആപ്പിളിന്റെ വിപണിമൂല്യം നാലു ലക്ഷം കോടിക്കടുത്ത്

**ന്യൂയോർക്ക്:** ടെക് ഭീമനായ ആപ്പിളിന്റെ ഓഹരികൾ എക്കാലത്തെയും ഉയരത്തിലെത്തി. ഇതോടെ കമ്പനിയുടെ വിപണിമൂല്യം നാലു ലക്ഷം കോടി ഡോളർ എന്ന ചരിത്രപരമായ നാഴികക്കല്ലിനടുത്തെത്തി.

ഈ നേട്ടം കൈവരിക്കുന്ന മൂന്നാമത്തെ കമ്പനിയാകും ആപ്പിൾ. പുതിയ ഐഫോൺ 17 സീരീസിന്റെ മികച്ച പ്രകടനമാണ് ഈ കുതിച്ചുചാട്ടത്തിന് പിന്നിലെ പ്രധാന കാരണം.

ഓഹരികൾ 4.2 ശതമാനം ഉയർന്ന് 262.9 ഡോളറിലെത്തിയതോടെ കമ്പനിയുടെ വിപണിമൂല്യം ഏകദേശം 3.9 ട്രില്യൺ ഡോളറായി. ഇതോടെ ചിപ്പ് നിർമാതാക്കളായ എൻവിഡിയയ്ക്ക് ശേഷം ലോകത്തിലെ രണ്ടാമത്തെ ഏറ്റവും മൂല്യവത്തായ കമ്പനിയായി ആപ്പിൾ മാറി.

ഗവേഷണ സ്ഥാപനമായ കൗണ്ടർപോയിന്റിന്റെ കണക്കനുസരിച്ച്, പുതിയ ഐഫോൺ 17 സീരീസ്, യുഎസിലും ചൈനയിലും വിപണിയിലിറങ്ങിയ ആദ്യ പത്തുദിവസത്തിനുള്ളിൽ ഐഫോൺ 16 സീരീസിനേക്കാൾ 14 ശതമാനം അധികം വിറ്റഴിച്ചു. ഈ കുതിപ്പാണ് വിപണിമൂല്യത്തിൽ ഉയർച്ചയുണ്ടാക്കിയത്.

ചൈനയിൽ നേരിടേണ്ടിവന്ന കടുത്ത മത്സരം, താരിഫ് സംബന്ധമായ ആശങ്കകൾ എന്നിവ കാരണം ഈ വർഷം ആദ്യം ആപ്പിൾ ഓഹരികൾക്ക് തിരിച്ചടി നേരിട്ടിരുന്നു. 100 ബില്യൺ ഡോളർ അധിക യുഎസ് നിക്ഷേപം കമ്പനി വാഗ്ദാനം ചെയ്തതിനുശേഷം ഓഗസ്റ്റ് ആദ്യം മുതൽ ഓഹരി വില നേരിയ തോതിൽ ഉയർന്നു. ഇതു വഴി സാധ്യതയുള്ള തീരുവ ഒഴിവാക്കാൻ സാധിച്ചേക്കും. ഒക്ടോബർ 30ന് വിപണി സമയത്തിന് ശേഷമാണ് ആപ്പിൾ ത്രൈമാസ വരുമാനം റിപ്പോർട്ട് ചെയ്യാൻ ഒരുങ്ങുന്നത്.



## ദീപാവലിക്ക് ഇന്ത്യക്കാർ വാങ്ങിയത് ഒരു ലക്ഷം കോടിയുടെ സ്വർണ്ണം

**മുംബൈ:** ദീപാവലി ആഘോഷക്കാലത്ത് ഇന്ത്യക്കാർ വാങ്ങിക്കൂട്ടിയത് ഒരു ലക്ഷം കോടിയുടെ സ്വർണ്ണമെന്ന് കണക്ക്.

സ്വർണ്ണത്തിന് പവന് 94000 രൂപ വരെയുള്ള പൊള്ളുന്ന വിലയായിട്ടും സ്വർണ്ണവിൽപ്പന ദീപാവലിക്കാലത്ത് വർധിച്ചു. കഴിഞ്ഞ ദീപാവലിക്കാലവുമായി താരതമ്യം ചെയ്യുമ്പോൾ വിൽപ്പനയിൽ 25 ശതമാനം കുതിപ്പാണ് ഉണ്ടായത്.

ദീപാവലിക്കാലത്ത് ജിഎസ് ടി വെട്ടിക്കുറച്ചതുമൂലമുള്ള ആനുകൂല്യം വിൽപ്പനയിൽ പ്രതിഫലിച്ചു. മൊത്തത്തിൽ ഈ ദീപാവലിക്കാലത്ത് മാത്രം ചരക്ക് വിൽപ്പന 5.4 ലക്ഷം കോടി രൂപ കവിഞ്ഞതായി പറയുന്നു.

## ഗുജറാത്തിൽ പ്രവർത്തനം വിപുലമാക്കാനൊരുങ്ങി ലുലു ഗ്രൂപ്പ്




**അഹമ്മദാബാദ്:** ഗുജറാത്തിൽ പ്രവർത്തനം വിപുലമാക്കാനൊരുങ്ങി ലുലു ഗ്രൂപ്പ്. ഇതിന്റെ ഭാഗമായി അഹമ്മദാബാദിൽ ഏറ്റവും വലിയ ഭൂമിയിടപാടും സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിന് പുതിയ റെക്കോർഡും ലുലുവിന്റേതായി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ മണ്ഡലമായ ഗാന്ധിനഗറിൽ ഉൾപ്പെടുന്ന ചന്ദ്ഖേഡയിൽ ലുലു നടത്തിയ ഭൂമി ഇടപാട് ആണ് റെക്കോർഡ് കുറിച്ചത്.

കോർപ്പറേഷന്റെ 66,168 ചതുരശ്ര മീറ്റർ (16.35 ഏക്കർ) ഭൂമി 519.41 കോടി രൂപയ്ക്കാണ് ലുലു വാങ്ങിയത്. ഈ വിൽപ്പനയിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ മാത്രം സർക്കാരിന് 31 കോടി രൂപയുടെ വരുമാനം ലഭിച്ചു. സബർമതി സബ്‌രജിസ്ട്രാർ ഓഫീസിൽ വച്ചായിരുന്നു രജിസ്ട്രേഷൻ. ഇടപാട് തുകയുടെയും സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിന്റെയും കാര്യത്തിൽ അഹമ്മദാബാദ് നഗരത്തിൽ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ വച്ച് ഏറ്റവും ഉയർന്ന മൂല്യമുള്ള ഭൂമി വിൽപ്പനയാണ് ഇത്. മുദ്രപത്ര വരുമാനത്തിലൂടെ സർക്കാരിന് ലഭിച്ച പുതിയ റെക്കോർഡാണ് ഇത്. 300 കോടി മുതൽ 400 കോടി രൂപ വരെ വിലയുള്ള വിൽപ്പന രേഖകൾ അഹമ്മദാബാദിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 500 കോടി രൂപയിൽ കൂടുതലുള്ള ഭൂമി ഇടപാട് ഇതുവരെ നടന്നിരുന്നില്ല. നഗരത്തിലെ ഏറ്റവും വലിയ ഭൂമിയിടപാടാണ് ഇതോടെ ലുലു നടത്തിയിരിക്കുന്നത്. 2024 ജൂൺ 18 ന് അഹമ്മദാബാദ് മുനിസിപ്പൽ കോർപ്പറേഷന്റെ ലേലത്തിലൂടെ, ചതുരശ്ര മീറ്ററിന് 78,500 എന്ന നിരക്കിലാണ് പ്ലോട്ട് ലുലു വാങ്ങിയത്. 99 വർഷത്തേക്ക് ലീസ് ആയി ഭൂമി അനുവദിക്കുക എന്നതിൽ മാറ്റം വരുത്തി നഗരത്തിലേക്ക് വലിയ നിക്ഷേപം കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെ ഭൂമി വിൽപ്പനയ്ക്ക് തന്നെ സർക്കാർ അനുമതി നൽകുകയായിരുന്നു. ടൗൺ പ്ലാനിങ് സ്കീമിലെ ചട്ടങ്ങൾ പാലിച്ചാണ് വിൽപ്പന രേഖ.

# മത്സ്യബന്ധനം ആധുനികതയിലേക്ക് മാറണം: മന്ത്രി സജി ചെറിയാൻ

**കൊച്ചി:** പരമ്പരാഗത രീതികളിൽ നിന്ന് ആധുനിക മത്സ്യബന്ധനത്തിലേക്ക് മാറണമെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ പറഞ്ഞു. ഞാറക്കൽ മത്സ്യ ഗ്രാമം പൊതു മാർക്കറ്റിന്റെ നിർമ്മാണോദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

ആവശ്യമായ ബോട്ടുകൾ നിർമ്മിച്ച് ആഴക്കടൽ മത്സ്യബന്ധനം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ വേണം. പുതിയ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി മീൻ എവിടെയുണ്ടെന്ന് കൃത്യമായി കണ്ടെത്തി മത്സ്യബന്ധനത്തിന് ഇറങ്ങാൻ കഴിയണമെന്നും സജി പറഞ്ഞു.

മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സൗജന്യമായി ഇഷ്ടമുള്ളത്ര പഠിക്കാനുള്ള അവസരം സർക്കാർ ഒരുക്കുന്നുണ്ട് . ഫിഷറീസ് വകുപ്പിന്റെ 10 ടെക്നിക്കൽ സ്കൂളുകൾ കേരളത്തിലെ ഏറ്റവും മികച്ച പരിശീലന കേന്ദ്രങ്ങളാണ്. പ്രത്യേക പരിശീലനം നൽകിയത് വഴി കഴിഞ്ഞ വർഷം മാത്രം മത്സ്യബന്ധന മേഖലയിൽ നിന്നുള്ള 26 കുട്ടികൾക്കാണ് എം.ബി.ബി.എസിന് അഡ്മിഷൻ ലഭിച്ചത്. മൂന്നു കുട്ടികൾ ഇതിനോടകം യൂറോപ്പ്യൻ രാജ്യങ്ങളിൽ പഠിക്കുകയാണ്.

പുനർഗേഹം പദ്ധതിയുടെ ഭാഗമായി ഫ്ളാറ്റുകളും വീടുകളുമായി 8300 ഭവനങ്ങളാണ് നിർമ്മിച്ചത്. 1200 ഫ്ളാറ്റുകളുടെ പണി നടന്നു കൊണ്ടിരിക്കുകയാണ്. ഇത് മൂന്നു മാസത്തിനകം പൂർത്തിയാക്കും. ഭവന നിർമ്മാണത്തിനായി നബാഡുമായി സഹകരിച്ച് 4000 കോടി രൂപയുടെ പദ്ധതി നടപ്പാക്കും. കേരളത്തിലെ 27 ഹാർബറുകളും നവീകരിക്കുകയാണ്. 67 മാർക്കറ്റുകളും 57 സ്കൂളുകളും നിർമ്മിച്ചതായും മന്ത്രി വ്യക്തമാക്കി.

കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പദ്ധതിയായ ക്ലൈമറ്റ് റെസിലിയന്റ് കോസ്റ്റൽ ഫിഷർമെന്റ് വില്ലേജ് പദ്ധതിയുടെ ഭാഗമായിട്ടാണ് ഞാറക്കൽ മത്സ്യഗ്രാമം പൊതു മാർക്കറ്റ് നിർമ്മിക്കുന്നത്. സംസ്ഥാനത്തെ ആറ് തീരദേശ ഗ്രാമപഞ്ചായത്തുകളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ രണ്ടെണ്ണം വൈപ്പിൻ മണ്ഡലത്തിലാണ്.

ഞാറക്കൽ ഐലൻഡ് ക്ലബ് ഹാളിൽ നടന്ന പരിപാടിയിൽ കെ.എൻ ഉണ്ണികൃഷ്ണൻ എം.എൽ.എ അധ്യക്ഷനായി. ഹൈബി ഈഡൻ എം.പി വിശിഷ്ടാതിഥിയായി. ഞാറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി രാജു, വൈസ് പ്രസിഡന്റ് ബാലാമണി ഗിരീഷ്, സ്ഥിരം സമിതി അധ്യക്ഷരായ ചെറിയാൻ വാളൂരാൻ, രാജി ജിഘോഷ് കുമാർ, പി.പി ഗാന്ധി, പഞ്ചായത്ത് അംഗം ആശ പൗലോസ്, ഫിഷറീസ് വകുപ്പ് അഡീഷണൽ ഡയറക്ടർ സ്മിത ആർ. നായർ, മധ്യമേഖല ജോയിന്റ് ഡയറക്ടർ ആശ അഗസ്റ്റിൻ, കെ.എസ്.സി.എ.ഡി.സി റീജിയണൽ മാനേജർ കെ.ബി രമേഷ്, ഞാറക്കൽ നായരമ്പലം മത്സ്യതൊഴിലാളി വികസനക്ഷേമ സഹകരണ സംഘം പ്രസിഡന്റ് പി.ജി ജയകുമാർ തുടങ്ങിയവർ പങ്കെടുത്തു.



# വിഴിഞ്ഞം രാജ്യാന്തര തുറമുഖം

# ദേശീയപാത: പുതിയ സർവീസ് റോഡ് തുറക്കും

**വിഴിഞ്ഞം:** രാജ്യാന്തര തുറമുഖത്തെയും ദേശീയ പാതയെയും ബന്ധിപ്പിക്കുന്ന താൽക്കാലിക ഗതാഗത സംവിധാനത്തോടനുബന്ധിച്ച് പുതിയ സർവീസ് റോഡ് തുറക്കും. തുറമുഖത്തു നിന്നുള്ള കണ്ടെയ്നർ ലോറികൾ കടന്നു പോകാനുള്ള പാത അടുത്തമാസം പകുതിക്കു ശേഷം ഗതാഗതത്തിനു സജ്ജമാവും. തുറമുഖ പാത ദേശീയ പാതയുമായി ബന്ധിക്കുന്ന തലക്കോട് ഭാഗത്ത് വരുന്നത് ക്ലോവർ ലീഫ് സമാനമായ ചെറു രൂപമായിരിക്കുമെന്ന് നിർമാണ കരാറുകാരായ മുംബൈ പൂനം കൺസ്ട്രക്ഷൻ കമ്പനി അധികൃതർ പറഞ്ഞു. കാലാവസ്ഥ അനുകൂലമെങ്കിൽ 26ന് ഈ ഭാഗത്ത് പുതിയ സർവീസ് റോഡ് ഗതാഗത സജ്ജമാവും.

അടുത്തമാസം തുറമുഖത്തു നിന്നുള്ള കണ്ടെയ്നർ ലോറികൾ ബൈപാസ് വഴി ഓടിത്തുടങ്ങും. ബൈപാസുമായി തുറമുഖ റോഡിനെ ബന്ധിപ്പിക്കുന്ന കണ്ടെയ്നർ പാതയുടെ നിർമാണവും പൂർത്തിയാക്കും. ഇതു വഴി തലസ്ഥാനത്തേക്ക് ലോറികൾക്കു പോകാം.

തുറമുഖ കവാടത്തിൽ നിന്നു ബൈപാസ് വരെ ഏകദേശം1.7 കിലോമീറ്റർ ദൈർഘ്യം വരുന്നതാണ് റോഡ്. കന്യാകുമാരി ഭാഗത്തു നിന്നെത്തുന്ന വാഹനങ്ങൾക്ക് ഇവിടെ സിഗ്നൽ സംവിധാനമൊരുക്കും.

# സംസ്ഥാനത്ത് എല്ലാവർക്കും ജലലഭ്യത ഉറപ്പുവരുത്തും: മന്ത്രി റോഷി അഗസ്റ്റിൻ

**തിരുവനന്തപുരം:** ശുദ്ധജലം ജനങ്ങളിലേക്ക് എത്തിക്കാൻ ധാരാളം പ്രതിസന്ധികൾ നേരിടുന്നുണ്ടെങ്കിലും സംസ്ഥാനത്ത് ഓരോ വ്യക്തിക്കും ജലലഭ്യത ഉറപ്പു വരുത്താൻ ആവശ്യമായ എല്ലാ കാര്യങ്ങളും സർക്കാർ ചെയ്യുമെന്ന് ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ. അഞ്ചുതെങ്ങ് കുടിവെള്ള പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകായിരുന്നു അദ്ദേഹം.

ഗുണനിലവാരം ഉറപ്പുവരുത്തി കേരളം മുഴുവൻ ആവശ്യാനുസരണം ജലം എത്തിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. കുടിവെള്ള പ്രതിസന്ധി നേരിട്ടിരുന്ന അഞ്ചുതെങ്ങ് പോലുള്ള ഗ്രാമപഞ്ചായത്തുകളിൽ പോലും ഇത്തരം പദ്ധതികൾ വഴി ജലക്ഷാമം പരിഹരിക്കുന്നതിലൂടെ സർക്കാരിന്റെ ദൃഢനിശ്ചയവും കൂട്ടായ പ്രവർത്തനവുമാണ് വെളിവാകുന്നത്.

# എക്സ് റേ കോംപ്ലക്സ് ഉദ്ഘാടനം ചെയ്തു

**ചവറ:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ചവറ ഐ.ആർ.ഇ.എൽ സാമൂഹ്യ ഉത്തരവാദിത്ത പദ്ധതിയിൽ ഉൾപ്പെടുത്തി ചവറ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിർമിച്ച എക്സ് റേ കോംപ്ലക്സ് എൻ.കെ പ്രേമചന്ദ്രൻ എം.പി ഉദ്ഘാടനം ചെയ്തു. ഡിജിറ്റൽ എക്സ്റേ മെഷീൻ സുജിത് വിജയൻ പിള്ള എം.എൽ.എ ആശുപത്രിക്ക് കൈമാറി.

ഏകദേശം 32 ലക്ഷം രൂപ ചെലവിലാണ് ഉപകരണങ്ങളും കെട്ടിടവുമടങ്ങുന്ന കോംപ്ലക്സ് പൂർത്തിയായത്. ഐ.ആർ.ഇ.എൽ ജനറൽ മാനേജരും യൂണിറ്റ് മേധാവിയുമായ എൻ.എസ് അജിത് പദ്ധതി വിശദീകരണം നടത്തി. പഞ്ചായത്ത് പ്രസിഡന്റ് ജെ.ആർ സുരേഷ് കുമാർ അധ്യക്ഷനായി.

ചവറ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശേരി, ജില്ലാ പഞ്ചായത്ത് അംഗം സി.പി സുധീഷ് കുമാർ, ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഐ.ജയലക്ഷ്മി, പഞ്ചായത്ത് അംഗങ്ങളായ വിജി മോൾ, കുറ്റിയിൽ ലത്തീഫ്, സോഫിത, നദീർ, സി. രതീഷ്, സി. വസന്തകുമാർ, കെ. ബാബു, കെ. സുരേഷ് ബാബു, പി.ആർ. ജയപ്രകാശ്, എച്ച്എംസി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി വി. മനോജ്, ഡോ. എസ്. ഷെഹ എന്നിവർ പ്രസംഗിച്ചു.

# ബോധവത്കരണ സൈക്കിൾ റാലിയുമായി ബിലീവേഴ്സ് ആശുപത്രി

**തിരുവല്ല:** ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ആശുപത്രി ഹെമറ്റോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ 50 കിലോമീറ്റർ സൈക്കിൾ റാലി സംഘടിപ്പിച്ചു. ബിലീവേഴ്സ് ആശുപത്രിയിലെ ഹെമറ്റോളജി വിഭാഗമായ റീജിയണൽ അഡ്വാൻസ്ഡ് സെന്റർ ഫോർ ട്രാൻസ്പ്ലാന്റേഷൻ, ഹെമറ്റോ ലിംഫോയിഡ് ഓങ്കോളജി ആൻഡ് മാരോ ഡിസീസസ് (രക്തം) ആഭിമുഖ്യത്തിൽ ബോൺ മാരോ ട്രാൻസ്പ്ലാന്റേഷനെക്കുറിച്ച് സമൂഹത്തെ ബോധവത്കരിക്കുകയെന്ന ലക്ഷ്യത്തോടെ സൈക്കിൾ റാലി സംഘടിപ്പിച്ചു.

ബോൺ മാരോ ട്രാൻസ്പ്ലാന്റേഷനും കാർ ടി തെറാപ്പിയും അടക്കമുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ ആവശ്യമുള്ളവർക്ക് തൊട്ടരികിൽത്തന്നെയുണ്ടെന്ന സന്ദേശം നൽകുവാനുമാണ് സൈക്കിൾ റാലി സംഘടിപ്പിച്ചത്. സൈക്കിൾ റാലി ബിലീവേഴ്സ് ആശുപത്രി അസോസിയേറ്റ് ഡയറക്ടറും ഹൃദ്രോഗ വിഭാഗം മേധാവിയുമായ ഡോ. ജോൺ വല്യത്ത് ഫ്ളാഗ് ഓഫ് ചെയ്തു. ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളജ് ആശുപത്രിയിൽ നിന്ന് ആരംഭിച്ച റാലി സമീപ ശുപത്രികളായ പരുമല, കല്ലിശേരി, പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല മെഡിക്കൽ മിഷൻ തുടങ്ങിയ ആശുപത്രികളെ ബന്ധിപ്പിച്ച് തിരികെ എത്തി. മേൽപ്പാടം മർത്തോമ്മാ ഇടവക വികാരി. റോയ് വർഗീസിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

ഹെമറ്റോളജി വിഭാഗം മേധാവിയും രക്തം പ്രോഗ്രാം ഡയറക്ടറുമായ ഡോ. ചെപ്സി സി. ഫിലിപ്പ് ബോൺ മാരോ ട്രാൻസ്പ്ലാന്റേഷനെക്കുറിച്ച് ബോധവത്കരണപ്രഭാഷണം നടത്തി. സൂപ്പർ സ്പെഷാലിറ്റി ഡോക്ടർമാർ, ആശുപത്രി അഡ്മിനിസ്ട്രേഷൻ ജീവനക്കാർ, മെഡിക്കൽ കോളജ് വിദ്യാർഥികൾ, പൊതുജനങ്ങൾ ഉൾപ്പെടെ 12 മുതൽ 65 വയസുവരെയുള്ള 150 ഓളം പേർ സൈക്കിൾ റാലിയിൽ പങ്കെടുത്തു. പങ്കെടുത്ത സൈക്ലിസ്റ്റുകൾക്ക് സർട്ടിഫിക്കറ്റുകളും മെഡലുകളും വിതരണം ചെയ്തു.

# സ്പീക്ക് ആൻഡ് സ്പാർക്കിൾ ഇംഗ്ലീഷ് പ്രോഗ്രാം

**മൂലമറ്റം:** സെന്റ് ജോസഫ്സ് ഓട്ടോണമസ് കോളജിലെ എൻ.എസ്.എസിന്റെ നേതൃത്വത്തിൽ കാഞ്ഞാർ സെന്റ് ജോസഫ്സ് സ്കൂളിൽ ഇംഗ്ലീഷ് എൻറിച്ച്മെന്റ് പ്രോഗ്രാമായ സ്പീക്ക് ആൻഡ് സ്പാർക്കിളിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്തംഗം പ്രഫ. എം.ജെ. ജേക്കബ് നിർവഹിച്ചു.

ജില്ലയിലെ 250ഓളം സ്കൂളുകളിൽനിന്നു തെരഞ്ഞടുക്കപ്പെട്ട ഏഴു സ്കൂളുകളിൽ സർക്കാർ ധനസഹായത്തോടെ റിസോഴ്സ് അധ്യാപകരിലൂടെ നടപ്പാക്കുന്ന പദ്ധതിയാണിത്. ക്ലാസ് റൂം പഠനത്തിനുപുറമേ വിവിധ ഭാഷാപഠന പ്രവർത്തനങ്ങൾ അവതരിപ്പിച്ച് സജീവമായ സംവേദനാത്മക കഴിവുകളുടെ വികാസവും ആഹ്ലാദകരമായ പഠനാന്തരീക്ഷം സൃഷ്ടിച്ചും ആശയവിനിമയശേഷിയും ഭാഷാപരിജ്ഞാനവും വർധിപ്പിക്കുകയാണ് ലക്ഷ്യം.

കോളജ് മാനേജർ ഡോ. തോമസ് പുതുശേരി, പ്രിൻസിപ്പൽ ഡോ. ജോസഫ് ജോർജ്, സി.എഫ്.ഒ ഡോ. അലക്സ് ലൂയിസ്, സ്കൂൾ മാനേജർ ഫാ. ജോർജ് പാറേക്കുന്നേൽ, ഹെഡ്മാസ്റ്റർ ബിജുമോൻ മാത്യു, എ.ഇ.ഒ ആഷിമോൾ കുര്യാച്ചൻ, പി.ടി.എ പ്രസിഡന്റ് ഷോബിൻ എന്നിവർ പ്രസംഗിച്ചു.

# കേരളത്തെ സമ്പൂർണ വിജ്ഞാന സമ്പദ് വ്യവസ്ഥയായി മാറ്റുക ലക്ഷ്യം

**കോഴിക്കോട്:** കേരളത്തെ അഞ്ചു വർഷം കൊണ്ട് പൂർണമായും വിജ്ഞാന സമ്പദ് വ്യവസ്ഥയിലേക്ക് പരിവർത്തനം ചെയ്യുകയാണ് വിഷൻ 2031ലൂടെ യുവജനകാര്യ വകുപ്പ് വിഭാവനം ചെയ്യുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു. വിഷൻ 2031ന്റെ ഭാഗമായി കോഴിക്കോട് മുഹമ്മദ് അബ്ദുറഹ്മാൻ മെമ്മോറിയൽ ഹാളിൽ സംഘടിപ്പിച്ച യുവജനകാര്യ വകുപ്പിന്റെ സംസ്ഥാനതല സെമിനാറിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. സ്ത്രീ,പുരുഷ സമത്വം, കാർഷിക,ചെറുകിട മേഖലകളിൽ സാങ്കേതിക നവീകരണം, അധികാര വികേന്ദ്രീകരണത്തിൽ യുവജന പങ്കാളിത്തം, കൂടുതൽ തൊഴിലവസരങ്ങൾ, യുവജനങ്ങളുടെ മാനസിക ശാരീരിക ആരോഗ്യം എന്നിവയിൽ ഊന്നി യുവജനക്ഷേമം ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്തിന് എങ്ങനെ മുന്നോട്ട് പോകാം എന്നതിലുള്ള ആശയരൂപീകരണമാണ് സെമിനാറിലൂടെ നടത്താൻ ശ്രമിക്കുന്നതെന്നും സജി പറഞ്ഞു.

അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കിടയിലെ ഉയർന്ന തൊഴിലില്ലായ്മയാണ് കേരളം നിലവിൽ നേരിടുന്ന വെല്ലുവിളികളിൽ പ്രധാനമെന്ന് മന്ത്രി ചൂണ്ടിക്കാട്ടി. പി.എസ്.സി വഴി ഏറ്റവും കൂടുതൽ നിയമനങ്ങൾ നൽകി മാതൃകയായ സംസ്ഥാനമാണ് കേരളമെങ്കിലും 15നും 29നും ഇടയിൽ പ്രായമുള്ളവരിൽ 29.19 ശതമാനമാണ് തൊഴിലില്ലായ്മ നിരക്ക്. ഇത് ദേശീയ ശരാശരിയുടെ ഏതാണ്ട് മൂന്ന് മടങ്ങാണ്. കേരളത്തിൽ തൊഴിലിന്റെ ലഭ്യതക്കുറവല്ല, മറിച്ച് വിദ്യാസമ്പന്നരായ യുവതയുടെ കഴിവിനും താൽപര്യത്തിനും പ്രതീക്ഷകൾക്കും അനുസരിച്ചുള്ള തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ല എന്നതാണ് പ്രശ്നം. ഇതിന്റെ ഫലമാണ്, അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലെത്തുന്നതും കേരളത്തിലെ ചെറുപ്പക്കാർ വിദേശ രാജ്യങ്ങളിലേക്ക് തൊഴിൽ തേടി പോകുന്നതും. വിദേശ സർവ്വകലാശാലകളിലെ പഠനത്തിനായി വിദ്യാർത്ഥി കുടിയേറ്റം വർദ്ധിക്കുന്ന പ്രവണതയും ഇതാണ് സൂചിപ്പിക്കുന്നത്.

കാർഷിക,ചെറുകിട മേഖലകളിൽ സാങ്കേതിക നവീകരണം നടപ്പിലാക്കണം. ഐ.ടി, ബയോടെക്നോളജി, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ വിജ്ഞാന കേന്ദ്രീകൃത വ്യവസായങ്ങളിലേക്ക് നിക്ഷേപം ആകർഷിക്കണം. മാറിവരുന്ന തൊഴിൽ സാഹചര്യങ്ങൾക്കനുസരിച്ച് അഭ്യസ്തവിദ്യരുടെ വികസനം ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു. സ്ത്രീ,പുരുഷ സമത്വം, സ്വാതന്ത്ര്യം എന്നിവ സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന പിന്തിരിപ്പൻ ആശയപരിസരം മാറേണ്ടതുണ്ട്. കേരളത്തെ കൂടുതൽ ആധുനീകരിക്കുന്നതിനുള്ള പരിവർത്തനം 2031ഓടെ ആസൂത്രിതമായി നടപ്പിലാക്കണം. യുവജനങ്ങളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്താനും ലഹരി ഉപയോഗത്തിൽ നിന്ന് അവരെ പിൻതിരിപ്പിക്കാനുമായി ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിക്കുമെന്നും മന്ത്രി പറഞ്ഞു.

കേരള വികസന മാതൃകയുടെ കരുത്തായ അധികാര വികേന്ദ്രീകരണത്തിലും പ്രാദേശിക നേതൃത്വത്തിലും സുസ്ഥിര വികസനത്തിലും നവീകരണത്തിലും യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകും.

കോവിഡ് മഹാമാരി, പ്രളയം തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിൽ പ്രാദേശിക നേതൃത്വത്തിനൊപ്പം യുവജനങ്ങൾ വഹിച്ച പങ്ക് വലുതാണ്. ഈ അനുഭവങ്ങളുടെ വെളിച്ചത്തിൽ, യുവജനങ്ങളുടെ വോളണ്ടിയർ ഗ്രൂപ്പ് സംവിധാനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ, മുഴുവൻ സമയ തൊഴിലെടുക്കുന്ന ചെറുപ്പക്കാർക്ക് പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പിക്കാൻ സാധിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കണമെന്നും മന്ത്രി പറഞ്ഞു.

# പാൽ, മുട്ട, ഇറച്ചി ഉൽപാദനത്തിൽ സുസ്ഥിരമാതൃക രൂപപ്പെടുത്തും: മന്ത്രി ചിഞ്ചുറാണി

**തിരുവനന്തപുരം:** മൃഗസംരക്ഷണ ക്ഷീരവികസന മേഖലകളിലെ വെല്ലുവിളികളെ അതിജീവിച്ച് പാൽ, മുട്ട, ഇറച്ചി ഉൽപാദനത്തിൽ സുസ്ഥിരമാതൃക രൂപപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി. വിഷൻ 2031 സെമിനാർ പരമ്പരയുടെ ഭാഗമായി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പിന്റെ സംസ്ഥാനതല സെമിനാർ കടയ്ക്കൽ ഗാഗോ കൺവെൻഷൻ സെന്ററിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി ചിഞ്ചു.

പ്രവാസിമലയാളികളെയും സംരംഭകരെയും ആകർഷിക്കാൻ ഡയറി സ്റ്റാർട്ട്അപ് ഗ്രാമങ്ങളും കിടാരിപാർക്കുകളും തുടങ്ങും. അസംഘടിത ഇറച്ചി ഉൽപാദനമേഖല ഉടച്ചുവാർക്കും. ഇറച്ചിക്കോഴികളെ കൂട്ടമായി വളർത്തുന്ന 1,000 ബ്രോയ്‌ലർ ഗ്രാമങ്ങൾ അടുത്ത വർഷം മുതൽ ആരംഭിക്കും. എല്ലാ ബ്ലോക്കുകളിലും ശാസ്ത്രീയ മാംസവിൽപന സ്റ്റാളും ജില്ലകളിൽ അറവുശാലാഉപോൽപന്ന വ്യവസായങ്ങളും സാധ്യമാക്കുന്ന റെൻഡറിംഗ് പ്ലാന്റുകളും സ്ഥാപിക്കും. കാലിപ്രജനനം, മൃഗചികിത്സ, പദ്ധതി ആസൂത്രണനിർവഹണം എന്നിവയിൽ നിർമിതബുദ്ധിയുടെ സാധ്യതകൾകൂടി പ്രയോജനപ്പെടുത്തും.

പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തതയിലേക്ക് മുന്നേറുന്ന കേരളത്തിന് 2031 ഓടെ പാൽ ഉൽപ്പാദനം 70 ലക്ഷം ലിറ്ററിൽ നിന്ന് 95 ലക്ഷമായി വർധിപ്പിക്കുകയും പശുക്കളുടെ ഉൽപ്പാദനക്ഷമത 10.79 ലിറ്ററിൽ നിന്ന് 12 ലിറ്റർ ആക്കുകയുമാണ് ലക്ഷ്യം. ദിനംപ്രതി ആഭ്യന്തര മുട്ട ഉൽപ്പാദനം 60 ലക്ഷത്തിൽ നിന്ന് 84 ലക്ഷമായി ഉയർത്തുകയും മാംസോൽപ്പാദനം 40% വർധിപ്പിക്കുകയും ചെയ്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുകയും വേണം. ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലൂടെ കർഷകരുടെയും സംരംഭകരുടെയും വരുമാനം ഇരട്ടിയാക്കുകയാണ് വിഷൻ 2031 വിഭാവനംചെയ്യുന്നത് എന്ന് മന്ത്രി കൂട്ടിച്ചേർത്തു.ലോകവിപണിയിലേക്ക് വാണിജ്യാടിസ്ഥാനത്തിൽ പാലും ഇറച്ചിയും കയറ്റുമതിചെയ്യുന്ന സംസ്ഥാനമായി കേരളത്തെ മാറ്റണമെന്ന് ചടങ്ങിൽ അധ്യക്ഷനായ ധനകാര്യ വകുപ്പ് മന്ത്രി കെ. എൻ ബാലഗോപാൽ. പാൽ, മാംസം എന്നിവയുടെ ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഒട്ടേറെ പദ്ധതികളാണ് നടപ്പാക്കിവരുന്നത്. എട്ട് ലക്ഷം കുടുംബങ്ങളാണ് പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നത്. 3,600 ക്ഷീരസംഘങ്ങളുണ്ട്.

2021-2022 മുതൽ 2023-24 വരെയുള്ള മൃഗസംരക്ഷണ, ക്ഷീരമേഖലയുടെ വികസനത്തിനായി 439 കോടി രൂപയാണ് മാറ്റിവച്ചത്. തദ്ദേശസ്ഥാപനങ്ങൾ വഴി 348 കോടി രൂപയും മാറ്റിവച്ചു. സാങ്കേതികവിദ്യ വികസിപ്പിച്ച് കൂടുതൽ മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കേണ്ടതുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ സാധ്യതകൾ കൂടി ഭക്ഷ്യനിർമാണ മേഖലയുമായി ബന്ധപ്പെട്ട് പരിശോധിക്കണമെന്നും മന്ത്രി പറഞ്ഞു. വിവിധ വിഷയങ്ങളിൽ സെമിനാറുകൾ സംഘടിപ്പിച്ചു. പ്രിൻസിപ്പൽ സെക്രട്ടറി മിൻഹാജ് ആലം പത്തുവർഷത്തെ ഭരണനേട്ടങ്ങൾ വിശദീകരിച്ചു.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ലതിക വിദ്യാധരൻ, വൈസ് പ്രസിഡന്റ് ഹരി വി. നായർ, പഞ്ചായത്ത് പ്രസിഡന്റുമാരായ മനോജ് കുമാർ കൃഷ്ണപിള്ള, മിനി സുനിൽ, മിൽമ ചെയർമാൻ കെ. എസ് മണി, ജനിതകവിദഗ്ധൻ ഡോ. സി. റ്റി ചാക്കോ, വെറ്ററിനറി സർവകലാശാല രജിസ്ട്രാർ ഡോ. പി. സുധീർ ബാബു, പ്ലാനിംഗ് ബോർഡ് അഗ്രി ചീഫ് എസ്. എസ് നാഗേഷ്, വെറ്ററിനറി കോളജ് മീറ്റ് ടെക്നോളജി വിഭാഗം പ്രൊഫസർമാരായ ഡോ.വി. എൻ വാസുദേവൻ, ഡോ. ഇർഷാദ്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ എം. സി റെജിൽ, ക്ഷീരവികസനവകുപ്പ് ഡയറക്ടർ ശാലിനി ഗോപിനാഥ്, മിൽമ മാനേജിങ് ഡയറക്ടർ ആസിഫ് കെ. യൂസഫ്, കേരള ഫീഡ്സ് മാനേജിങ് ഡയറക്ടർ എ. ടി ഷിബു, കെ. എൽ. ഡി. ബി മാനേജിങ് ഡയറക്ടർ ആർ. രാജീവ്, മീറ്റ് പ്രോഡക്റ്റ്സ് ഓഫ് ഇന്ത്യ മാനേജിങ് ഡയറക്ടർ സലിൽ കുട്ടി, കെപ്കൊ മാനേജിങ് ഡയറക്ടർ പി. സെൽവകുമാർ, മേഖലാവിദഗ്ധരായ ആർ. വേണുഗോപാൽ, റാണാ രാജ്, എസ്. ഹരികൃഷ്ണൻ, സുരേഖ ആർ. നായർ, ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ജീജ സി കൃഷ്ണൻ, ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡി. ഷൈൻകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## അംഗപരിമിതർക്ക് മുച്ചക്രവാഹനം വിതരണം: മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്തു

**ആലപ്പുഴ:** പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ അംഗപരിമതരായവർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണത്തിന്റെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിച്ചു.

2024-25 പദ്ധതിയിൽ ഉൾപ്പെടുത്തി 10.36 ലക്ഷം രൂപയാണ് ഇതിന് വകയിരുത്തിയിരുന്നത്. ഒമ്പത് അംഗപരിമിതർക്ക് വാഹനങ്ങൾ വിതരണം ചെയ്തു.

ദിലീമ ജോജോ എം.എൽ.എ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മേരി ടെൽഷ്യ, വൈസ് പ്രസിഡന്റ് ആർ. ജീവൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ജയപ്രതാപൻ, വി. കെ സാബു,ഗീത ഷാജി, എ. യു അനീഷ് , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കെ. മൃദുല, സി.ഡി.പി.ഒ റാണി കെ. ശ്രീധർ എന്നിവർ പങ്കെടുത്തു.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സൗജന്യ പി.എസ്.സി പരീക്ഷ പരിശീലനം

**ആലപ്പുഴ:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് ആറുമാസം ദൈർഘ്യമുള്ള ഡിഗ്രിതല പി.എസ്.സി പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്നു. എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽ ഉള്ള വിദ്യാർഥികൾക്ക് നവംബർ 22 ന് ആരംഭിക്കുന്ന പരിശീലനത്തിൽ പങ്കെടുക്കാം. ഏതെങ്കിലും വിഷയത്തിൽ ബിരുദം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

അപേക്ഷകൾ ഫോട്ടോ, ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം നവബർ 21 ന് വൈകിട്ട് 4.30 ന് മുമ്പായി ഓഫീസിൽ അപേക്ഷ സമർപ്പിക്കണം അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ആലുവ ഗവ. പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിലും ലഭ്യമാണ്. ഫോൺ: 0484-2623304.

## അരലക്ഷം വിദ്യാർഥികൾക്ക് 1500 രൂപ വീതം ഹരിത സ്കോളർഷിപ്പ്

**ആലപ്പുഴ:** തദ്ദേശ സ്വയംഭരണ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും ചേർന്ന് കേരളത്തിൽ ആകെ 50000 കുട്ടികൾക്ക് ഹരിതസേന സ്കോളർഷിപ് നൽകുന്നു. ഈ സ്കോളർഷിപ്പിലൂടെ ശാസ്ത്രീയ മാലിന്യ സംസ്കാരണം, ഹരിത നൈപുണികൾ വികസിപ്പിക്കൽ, പാഴ് വസ്തു പരിപാലനുമായി ബന്ധപ്പെട്ട് പ്രാദേശികമായി നേരിടേണ്ടി വരുന്ന വെല്ലുവിളികൾക്ക് നൂതന പരിഹാരം കണ്ടെത്തൽ തുടങ്ങിയവ ലക്ഷ്യമിടുന്നു. 6,7,8,9,11 ക്ലാസ്സുകളിലെ വിദ്യാർഥികൾക്കാണ് ഈ വർഷം സ്കോളർഷിപ്പ് നൽകുന്നത്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർഥികൾക്ക് 1500 രൂപ സ്കോളർഷിപ്പ് തുകയും പ്രശസ്തി പത്രവുമാണ് ഇതിലൂടെ നൽകുന്നത്. കൂടുതൽ വിവരങ്ങൾക്കായി ശുചിത്വമിഷൻ സെറ്റായ www.suchitwamission.org സന്ദർശിക്കുക.

## 46 ആയുഷ് ആശുപത്രികളിൽ ഫിസിയോതെറാപ്പി യൂണിറ്റുകൾ

**തിരുവനന്തപുരം:** സർക്കാർ ആയുഷ് മേഖലയിൽ മികച്ച സൗകര്യങ്ങളൊരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 46 ഫിസിയോതെറാപ്പി യൂണിറ്റുകൾ സജ്ജമായി. ഫിസിയോതെറാപ്പി യൂണിറ്റുകളുടെ സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 22ന് വൈകുന്നേരം 3 മണിക്ക് കിഴക്കേക്കോട്ട ജില്ലാ ഹോമിയോ ആശുപത്രിയിൽ വച്ച് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് നിർവഹിക്കും. ആന്റണി രാജു എം.എൽ.എ അധ്യക്ഷത വഹിക്കും.

2 കോടി രൂപ ചെലവിലാണ് ഫിസിയോതെറാപ്പി യൂണിറ്റുകൾ സജ്ജീകരിച്ചിരിക്കുന്നത്. ഭാരതീയ ചികിത്സാ വകുപ്പിന്റെ 25 ആശുപത്രികളിലും ഹോമിയോപ്പതി വകുപ്പിന്റെ 21 ആശുപത്രികളിലുമാണ് പുതുതായി ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നത്.

മികച്ച നിലവാരമുള്ള ഫിസിയോതെറാപ്പി ഉപകരണങ്ങൾക്കൊപ്പം ഫിസിയോതെറാപ്പിസ്റ്റ്, മൾട്ടിപർപ്പസ് വർക്കർ എന്നിവരുടെ സേവനവും ഓരോ യൂണിറ്റിലും ഉറപ്പാക്കും.

ഇതോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ ഹോമിയോപ്പതി ആശുപത്രികളിലും ഫിസിയോതെറാപ്പി യൂണിറ്റുകൾ പ്രവർത്തന സജ്ജമാകും. രോഗികൾക്ക് കൂടുതൽ ഗുണമേന്മയുള്ള സേവനം ഉറപ്പാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ മറ്റൊരു സാക്ഷാത്ക്കാരം കൂടിയാണിത്.




# കെഎംഎ കോർപ്പറേറ്റ് ക്രിക്കറ്റ് ലീഗ്: സൗത്ത് ഇന്ത്യൻ ബാങ്ക് ജേതാക്കൾ

**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ കെഎംഎ കോർപ്പറേറ്റ് ക്രിക്കറ്റ് ലീഗിൽ തുടർച്ചയായ നാലാം വർഷവും സൗത്ത് ഇന്ത്യൻ ബാങ്കിന് കിരീടം. ഫൈനലിൽ എഫ്.എ.സി.ടി ലിമിറ്റഡിനെ നാല് റൺസിന് പരാജയപ്പെടുത്തിയാണ് സൗത്ത് ഇന്ത്യൻ ബാങ്ക് വിജയ കിരീടം നിലനിർത്തിയത്. 24 ടീമുകൾ പങ്കെടുത്ത ടൂർണമെന്റിൽ സതർലാൻഡ്, എഫ്.എ. സി. ടി, സൗത്ത് ഇന്ത്യൻ ബാങ്ക് (എസ്.ഐ.ബി), ഇ.വൈ എന്നിവയാണ് സെമിഫൈനലിലേക്ക് യോഗ്യത നേടിയത്. മികച്ച ബാറ്ററായി കോട്ടക്കൽ ആര്യവൈദ്യശാലയിലെ എം. അജിതും മികച്ച ബൗളറായി എഫ്.എ.സി.ടിയിലെ വിഷ്ണുവും വാല്യുബ്ൾ പ്ലെയറായി സതർലാൻഡിലെ മനീഷ് മനോജും തെരഞ്ഞെടുക്കപ്പെട്ടു. വിജയികൾക്ക് കെ എം.എ പ്രസിഡന്റ് കെ. ഹരികുമാർ ട്രോഫി കൈമാറി. സ്പോർട്സ് ലീഗ് ചെയർമാൻ ബാലഗോപാൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.




# പ്രൈം വോളിബോൾ ലീഗ്: ജയത്തോടെ കൊച്ചി ബ്ലൂ സ്പൈക്കേഴ്സ് മടങ്ങി

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗ് നാലാം സീസൺ ജയത്തോടെ അവസാനിപ്പിച്ച് കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്. ഗച്ചിബൗളി ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന അവസാന മത്സരത്തിൽ അഹമ്മദാബാദ് ഡിഫൻഡേഴ്സിനെ 3-1 നാണ് തോൽപിച്ചത്. സ്കോർ: 15-13, 14-16, 17-15, 15-9. നേരിട്ടുള്ള സെറ്റുകൾക്ക് ജയിച്ചിരുന്നെങ്കിൽ സെമിസാധ്യതയുണ്ടായിരുന്ന ബ്ലൂ സ്പൈക്കേഴ്സ് രണ്ടാം സെറ്റ് വഴങ്ങുകയായിരുന്നു. തോറ്റെങ്കിലും സെമിഫൈനൽ ഉറപ്പിച്ച അഹമ്മദാബാദിന്റെ പോയിന്റ് പട്ടികയിലെ മൂന്നാം സ്ഥാനത്തിന് ഇളക്കമില്ല. കൊച്ചി ക്യാപ്റ്റൻ എറിൻ വർഗീസ് കളിയിലെ താരമായി തിരഞ്ഞെടുക്കപ്പെട്ടു. ആദ്യ സെറ്റിൽ ബറ്റ്സുരിയിലൂടെ അഹമ്മദാബാദ് ശക്തമായി തുടങ്ങിയെങ്കിലും, ജസ്ജോദ് സിങിന്റെ സൂപ്പർ സെർവുകളും സൂപ്പർ ബ്ലോക്കുകളും കൊച്ചിയെ ഒപ്പമെത്തിച്ചു. അമരീന്ദർപാൽ സിങിന്റെ മികച്ച പ്രതിരോധം കൂടിയായതോടെ കൊച്ചി ആദ്യ സെറ്റ് നേടി. എറിന്റെ മികച്ച സെർവുകൾ രണ്ടാം സെറ്റിലും കൊച്ചിക്ക് മികച്ച തുടക്കം നൽകി. എന്നാൽ, നന്ദഗോപാലും അഖിനും അഹമ്മദാബാദിനായി കളത്തിലിറങ്ങിയതോടെ കളി മാറി. അഖിന്റെ കരുത്തുറ്റ ബ്ലോക്കുകൾ അവർക്ക് രണ്ടാം സെറ്റ് നേടിക്കൊടുത്തു. ജസ്ജോദിന്റെയും ഹേമന്തിന്റെയും പ്രകടനങ്ങളാണ് മൂന്നാം സെറ്റിൽ നിർണായകമായത്. നിക്കോളാസ് മറെച്ചൽ ബാക്ക് കോർട്ടിൽ കരുത്ത് കാട്ടിയതോടെ മൂന്നാം സെറ്റ് ബ്ലൂ സ്പൈക്കേഴ്സിന്റെ നിയന്ത്രണത്തിലായി. നാലാം സെറ്റിലും ഹേമന്ത് ആക്രമണം തുടർന്നു. ലിബറോ അലൻ ആഷിക്കിന്റെ മികച്ച ഡിഫൻസീവ് നീക്കങ്ങൾ കൊച്ചിക്ക് നിർണായക പോയിന്റുകൾ സമ്മാനിച്ചു. അമരീന്ദർപാലും ജസ്ജോദും മിഡിൽ സോണിൽ ആധിപത്യം തുടർന്നു.

അർഷാക് സിനാന്റെ സെർവീസ് ലക്ഷ്യം തെറ്റിയതോടെ കൊച്ചി ജയത്തോടെ മടങ്ങി. ലീഗിൽ ഇന്ന് മത്സരങ്ങളില്ല. നാളെയാണ് സെമി ഫൈനൽ, കിരീട പോരാട്ടം 26ന്.

## കുസാറ്റ് സായാഹ്ന വിദേശ ഭാഷാ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ഒക്ടോബർ 27ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഒരു വർഷത്തെ സായാഹ്ന വിദേശ ഭാഷാ കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ജാപ്പനീസ്, ഫ്രഞ്ച്, ജർമ്മൻ എന്നീ ഭാഷകളിലുള്ള കോഴ്സുകൾക്ക് പ്ലസ് ടു/തത്തുല്യ പരീക്ഷ പാസായവർക്ക് അപേക്ഷിക്കാം. പി.ജി.ഡി.സി.ഇ കോഴ്സിനുള്ള നിശ്ചിത യോഗ്യത ബിരുദവും ഡിപ്പാർട്ടമെന്റ് അഡ്മിഷൻ ടെസ്റ്റിൽ വിജയവുമാണ്. താൽപര്യമുള്ളവർ ഒക്ടോബർ 27ന് രാവിലെ 10 മണിക്ക് ഇംഗ്ലീഷ് ആൻഡ് ഫോറിൻ ലാംഗ്വേജ് വകുപ്പ് ഓഫീസിൽ റിപ്പോർട്ട് ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക് defl@cusat.ac.in എന്ന വിലാസത്തിലോ 6282167298 എന്ന നമ്പറിൽ ബന്ധപെടുകയോ ചെയ്യാം.

## ഇൻഡോ-ജാപ്പനീസ് ശാസ്ത്ര സഹകരണം ശക്തിപ്പെടുത്താൻ മലയാളി ശാസ്ത്രജ്ഞർ ജപ്പാനിലേക്ക്

**കൊച്ചി:** ജപ്പാനിലെ ഷിമാനെ സർവകലാശാലയിലെ ഭൗമശാസ്ത്ര വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. ശിൽപ എ എസും കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. രതീഷ്കുമാർ ആർ ടിയും ചേർന്ന് ജപ്പാൻ സയൻസ് ആൻഡ് ടെക്നോളജി ഏജൻസിയുടെ സകുറാ സയൻസ് എക്സ്ചേയ്ഞ്ജ് ഗ്രാന്റ് നേടി.

ഈ സംയുക്ത പദ്ധതിയുടെ ഭാഗമായി ഡോ. രതീഷ്കുമാർ നയിക്കുന്ന കുസാറ്റ് മറൈൻ ജിയോളജി ആൻഡ് ജിയോഫിസിക്സ് വകുപ്പിലെ ആറ് ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ ഒക്ടോബർ 28 വരെ ഷിമാനെ സർവകലാശാല സന്ദർശിക്കുകയും, ഗവേഷണ ശാലകളിലും, ശാസ്ത്രീയ പ്രദർശനങ്ങളിലും, ശിൽപശാലകളിലും, ഫീൽഡ് വർക്കുകളിലും സംയുക്ത ചർച്ചകളിലും പങ്കെടുക്കും. മറൈൻ ജിയോളജി വകുപ്പ് വിദ്യാർത്ഥികളായ എസ്. അനഘ, ഫ്ലോഗൻ ബേസിൽ, വീണ ജി. പ്രകാശ്, മറൈൻ ജിയോഫിസിക്സ് വകുപ്പ് വിദ്യാർത്ഥികളായ പി.സഫ്ന , സാൻദ്ര വർഗീസ്, അലൻ അഗസ്റ്റിൻ എന്നിവരാണ് ഈ പദ്ധതിയുടെ ഭാഗമാവുക.

ജപ്പാൻ കടലിന്റെ ഉൽപത്തിയുമായി ബന്ധപ്പെട്ട അഗ്നിപർവ്വതഘടനകളെ സംബന്ധിച്ച പഠനങ്ങൾക്ക് പ്രാധാന്യം നൽകി ഭൂശാസ്ത്രത്തിന്റെ ബഹുമുഖമേഖലയിൽ അന്തർ വിഭാഗീയ പഠനവും, സംയുക്ത ഗവേഷണവും പ്രോത്സാഹിപ്പിക്കുക എന്നതാണ് അക്കാദമിക കൈമാറ്റത്തിലൂടെ ലക്ഷ്യമിടുന്നത്.

ജപ്പാൻ സയൻസ് ആൻഡ് ടെക്നോളജി ഏജൻസിയുടെ മുഖ്യപദ്ധതിയിൽ ഒന്നാണ് സകുറാ സയൻസ് പ്രോഗ്രാം. ശാസ്ത്രീയ പരസ്പരബോധവും അന്താരാഷ്ട്ര ഗവേഷണ സഹകരണവും വളർത്തുകയാണ് ഈ പ്രോഗ്രാമിന്റെ ലക്ഷ്യം.

വിദ്യാർത്ഥികൾക്ക് ആഗോള ഗവേഷണ സംസ്കാരം നേരിട്ടറിയാനും ശാസ്ത്രലോകത്തിലെ മുന്നേറ്റങ്ങൾ അനുഭവിക്കാനും ഈ അവസരം വഴിയൊരുക്കുമെന്ന് ഡോ. രതീഷ്കുമാർ പറഞ്ഞു. ഇത്തരത്തിലുള്ള പരിപാടികൾ രാജ്യങ്ങൾക്കിടയിലെ ശാസ്ത്രബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുകയും വളർന്നുവരുന്ന ഗവേഷകരെ അന്താരാഷ്ട്ര തലത്തിൽ ചിന്തിക്കാൻ പ്രചോദിപ്പിക്കുകയും ചെയ്യുമെന്ന് ഡോ. ശിൽപ എ. എസ് അഭിപ്രായപ്പെടുകയും ചെയ്തു.

ഈ സംയുക്ത ശ്രമം കുസാറ്റിനും ഷിമാനെ സർവകലാശാലയ്ക്കും തമ്മിലുള്ള ദീർഘകാല അക്കാദമിക സഹകരണത്തിന് അടിത്തറയിടുന്നതോടൊപ്പം, യുവ മലയാളി ശാസ്ത്രജ്ഞർ ആഗോള ഗവേഷണരംഗത്ത് സജീവ സാന്നിധ്യമുറപ്പിക്കുന്നതിന്റെ തെളിവായും മാറുന്നു.

## സൗജന്യ പി.എസ്.സി പരീക്ഷ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ ആലുവ സബ് ജയിൽ റോഡിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിൽ എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി/പട്ടികവർഗ്ഗ / മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ആറു മാസം ദൈർഘ്യമുള്ള ഡിഗ്രിതല പി.എസ്.സി പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്നു. നവംബർ 22ന് ക്ലാസുകൾ ആരംഭിക്കും. ഏതെങ്കിലും വിഷയത്തിൽ ബിരുദം യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ.ബി.സി/ഒ.ഇ.സി വിഭാഗത്തിൽ പെട്ടവർക്ക് 30% സീറ്റ് അനുവദനീയമാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് നിയമാനുസൃതമായ സ്റ്റൈപൻഡിനു അർഹതയുണ്ട്.

ഫോട്ടോ, ജാതി, വരുമാനം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം നവംബർ 21 വൈകീട്ട് 4.30 ന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ല പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും ആലുവ ഗവ.പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്ററിലും ലഭ്യമാണ്.

# ടൈകോൺ 2025 സംരംഭക കൺവെൻഷൻ നവംബറിൽ

**കൊച്ചി:** സംസ്ഥാനത്തെ ഏറ്റവും വലിയ സംരംഭക സമ്മേളനമായ ടൈകോൺ കേരള 2025 നവംബർ 21, 22 തീയതികളിൽ കുമരകം ദി സൂരിയിൽ നടക്കും.'സെലിബ്രേറ്റിംഗ് എന്റർപ്രണർഷിപ്പ്' എന്ന പ്രമേയത്തിൽ രാജ്യത്തെ നിരവധി പ്രമുഖ വ്യവസായികൾ, മാനേജ്മെന്റ് വിദഗ്ധർ, നിക്ഷേപകർ, മെന്റർമാർ, ഇന്നൊവേറ്റർമാർ, സർക്കാർ പ്രതിനിധികൾ എന്നിവർ സമ്മേളനത്തിൽ ഒത്തുകൂടും. സംരംഭകർ, സ്റ്റാർട്ടപ്പുകൾ, പ്രൊഫഷനലുകൾ, സാങ്കേതിക, മാനേജ്മെന്റ് വിദ്യാർത്ഥികൾ എന്നിവർക്ക് പുതിയ ബിസിനസ് ആശയങ്ങൾ, അവസരങ്ങൾ, നെറ്റ്വർക്കിങ് എന്നിവക്ക് സമ്മേളനം വേദിയൊരുക്കും. ഡിജിറ്റൽ സമ്പദ് വ്യവസ്ഥ തുറക്കുന്ന പുതിയ അവസരങ്ങൾ ഉപയോഗപ്പെടുത്താൻ സ്റ്റാർട്ടപ്പുകളെയും ബിസിനസുകളെയും സഹായിക്കാനും ടൈകോൺ കേരള 2025 ലക്ഷ്യമിടുന്നുണ്ടെന്ന് ടൈ കേരള പ്രസിഡന്റ് വിവേക് കൃഷ്ണ ഗോവിന്ദ് പറഞ്ഞു. യുപിഐ, ഒഎൻഡിസി പോലുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ നമ്മുടെ ബിസിനസ്സ് രീതിയിൽ വിപ്ലവമാവുകയാണ്. സംരംഭകർക്ക് ഇപ്പോൾ ലോകത്തെവിടെയും ഉപഭോക്താക്കളിലേക്കും നിക്ഷേപകരിലേക്കും എത്തിച്ചേരാനാകുമെന്നും അദ്ദേഹം പറഞ്ഞു. നിർമ്മിത ബുദ്ധി, കാലാവസ്ഥാ സാങ്കേതികവിദ്യ, ആരോഗ്യ സംരക്ഷണം, നിർമ്മാണം, മൊബിലിറ്റി തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭകരെ ഈ വർഷത്തെ ടൈകോൺ പ്രത്യേകം ലക്ഷ്യമിടുന്നുണ്ടെന്ന് ടൈ കേരള വൈസ് പ്രസിഡന്റും , ടൈകോൺ കേരള 2025 ചെയർമാനുമായ ഡോ. ജീമോൻ കോര പറഞ്ഞു. ശക്തമായ ടീമുകൾ ഉണ്ടാക്കുക , ഫണ്ടിംഗ് ആകർഷിക്കുക, പുതിയ വിപണികളിൽ എത്തിച്ചേരാനുള്ള വഴികൾ എന്നിവ അടിസ്ഥാനമാക്കിയാണ് സെഷനുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

രണ്ട് ദിവസത്തെ സമ്മേളനത്തിൽ, മുഖ്യപ്രഭാഷണങ്ങൾ, പാനൽ ചർച്ചകൾ, ഫയർസൈഡ് ചാറ്റുകൾ, റൗണ്ട് ടേബിൾ മീറ്റിങ്ങുകൾ, നിക്ഷേപക സെഷനുകൾ, മൈ സ്റ്റോറി, ക്യാപിറ്റൽ കഫേ, സ്റ്റാർട്ടപ്പ് പിച്ച് ഫെസ്റ്റ് ഇവന്റ് എന്നിവ ഉൾപ്പെടും. പിച്ച്ബേയാണ് സംരംഭക സമ്മേളനത്തിന്റെ

14th EDITION
TiECON
KERALA 2025

പ്രധാന ആകർഷണം. വി.കെ. മാത്യൂസ് (ഐബിഎസ് ഗ്രൂപ്പ്സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനും), അജു ജേക്കബ് (മാനേജിംഗ് ഡയറക്ടർ, സിന്തൈറ്റ്), നവാസ് എം. മീരാൻ (ചെയർമാൻ, സിഇഒ, ഗ്രൂപ്പ് മീരാൻ), അജിത് മൂപ്പൻ (ചെയർമാൻ, എം. എൻ ഹോൾഡിംഗ്സ്), നസ്നീൻ ജഹാംഗീർ (സിഇഒ, എക്സിക്യൂട്ടീവ് ഡയറക്ടർ,നെസ്റ്റ് ഡിജിറ്റൽ) എന്നിവരുടെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ ജൂറിക്ക് മുന്നിൽ പുതിയ സംരംഭകർക്ക് അവരുടെ നൂതന ബിസിനസ്സ് ആശയങ്ങൾ അവതരിപ്പിക്കാം. വിദഗ്ദ്ധരുടെ ഫീഡ്ബാക്ക് , നിക്ഷേപ സാധ്യതകൾ, മെന്ററിംഗ് അവസരങ്ങൾ എന്നിവയ്ക്ക് ഈ സെഷൻ അവസരം നൽകും. ഇന്ത്യയിലെ മുൻനിര എഫ്.എം.സി.ജി ബ്രാൻഡായ കവിൻ കെയറിന്റെ സ്ഥാപകനും ചെയർമാനുമായ സി.കെ രംഗനാഥൻ, മുൻ മിസ് ഇന്ത്യ യൂണിവേഴ്സും സിനിമ താരവുമായ ഗുൽ പനാഗ്, ബ്ലോക്ക്ചെയിൻ സംരംഭ രംഗത്തെ ചാൻസ് റിവറിന്റെ സ്ഥാപകനും സിഇഒയുമായ നിതിൻ ഈപ്പൻ, ഇന്ത്യയിൽ ജീനോമിക്സ് രംഗത്തെ പ്രധാന പങ്ക് വഹിച്ച മെഡ്ജിനോമിന്റെ സ്ഥാപക ചെയർമാനും, സൈജീനോം ലാബ്സിന്റെ സിഇഒയുമായ സാം സന്തോഷ് എന്നിവർ സമ്മേളനത്തിൽ മുഖ്യ പ്രഭാഷകരാകും.

റീസൈക്കിളിന്റെ സ്ഥാപകനും സിഇഒയുമായ അഭയ് ദേശ്പാണ്ഡെ; ഔട്ട്ലയർ മാർക്കറ്റർ അഡ്വൈസറുമായ പ്രവീൺ ശേഖർ മാജിക് ടൂർസ് ഓഫ് ഇന്ത്യ സ്ഥാപക ദീപ കൃഷ്ണൻ, അൺലിമിറ്റ്സിന്റെ സിഇഒയും സ്ഥാപകനുമായ സജിത് അൻസാർ, ടെസ്സറാക്റ്റ് കൺസൾട്ടിംഗ് സിഇഒ ശങ്കർ കൃഷ്ണൻ, ബന്ധൻ ബാങ്കിന്റെയും റെപ്രോ ഇന്ത്യയുടെയും ബോർഡ് അംഗം ദിവ്യ കൃഷ്ണൻ, ബർഗർ കിംഗ് ഇന്ത്യയുടെ മുൻ പ്രസിഡന്റ് സിസിലി തോമസ് തുടങ്ങിയ പ്രമുഖർ പ്രധാന സെഷനുകളിൽ സംസാരിക്കും.

പ്രതിനിധികളായി രജിസ്ർ ചെയ്യാൻ https://events.tie.org/TiEconKerala2025, https://kerala.tie.org , info@tiekerala.org / 70258 88872 എന്നിവ വഴി സാധ്യമാണ്.

# ഗ്രീൻ ഹെൽത്ത് സമ്മിറ്റ് ആന്റ് എക്സ്പോ 25ന്

**കൊച്ചി:** റോട്ടറി ഡിസ്ട്രിക്റ്റ് 3205 കൊച്ചിൻ സെൻട്രലിന്റെ ഗ്രീൻ ഹെൽത്ത് സമ്മിറ്റ് ആന്റ് എക്സ്പോ പാലാരിവട്ടം ഹൈവേ ഗാർഡൻ കൺവെൻഷൻ സെന്ററിൽ ഒക്ടോബർ 25ന് നടക്കും. വിവിധ മേഖലകളിൽ നിന്നുള്ള ആരോഗ്യ ക്ഷേമ പ്രാക്ടീഷണർമാർ ഏകദിന സെമിനാറിൽ പങ്കെടുക്കും. എം.എൽ.എമാരായ ഉമാ തോമസ്, കെ. എൻ ഉണ്ണികൃഷ്ണൻ റോട്ടറി ജില്ലാ ഗവർണർ ഡോ. ജി. എൻ രമേശ് എന്നിവർ ചേർന്ന് സെമിനാർ ഉദ്ഘാടനം ചെയ്യും. ഡോ. ഉഷി വിസ്ഡം വർക്ക്സ് ബംഗളൂരുവിലെ ചീഫ് കോച്ചും സി. ഇ. ഒയുമായ പ്രൊഫ. ഡോ. ഉഷി മോഹൻദാസ് മുഖ്യ പ്രഭാഷണം നടത്തും.

റോട്ടേറിയൻമാർക്കും കുടുംബങ്ങൾക്കും പുറമേ പൊതുജനങ്ങൾക്കും പരിപാടിയിൽ പങ്കെടുക്കാം. പരിപാടിയിലേക്ക് പ്രവേശനം സൗജന്യമാണ്. രാവിലെ ആറരയ്ക്ക് വാക്കേഴ്സ് വെൽനെസ് ഫോർ ഫിറ്റ്നെസ് പ്രഭാത നടത്തത്തോടെയാണ് പരിപാടി ആരംഭിക്കുക.

യോഗ, വാർധക്യം, ആന്റി ഏജിംഗ്, മാനസികാരോഗ്യം, പാലിയേറ്റീവ് കെയർ, സ്ത്രീ ആരോഗ്യം, സൗന്ദര്യം തുടങ്ങി ആരോഗ്യ, ക്ഷേമ വിഷയങ്ങളാണ് സെമിനാറിൽ കൈകാര്യം ചെയ്യുന്നത്. സി.പി.ആറും അടിയന്തര ആരോഗ്യ പ്രായോഗിക പ്രദർശന സെഷനും പരിപാടിയിലുണ്ടാകും. സൗജന്യ ആരോഗ്യ പരിശോധന, സൗജന്യ അസ്ഥി ആരോഗ്യ പരിശോധന, സൗജന്യ നേത്ര പരിശോധന, സൗജന്യ വ്യക്തിഗത കൗൺസിലിംഗ് എന്നിവയാണ് പരിപാടിയുടെ മറ്റ് പ്രധാന ആകർഷണങ്ങൾ. ആരോഗ്യ സംബന്ധിയായ ഉൽപ്പന്നങ്ങളുടെയും അനുബന്ധ ഉപകരണങ്ങളുടെയും പ്രദർശനവുമുണ്ടാകും.

ഓട്ടിസത്തിൽ നിന്നും സംഗീതത്തിന്റെ മാസ്മരിക ലോകത്തെത്തിയ പൂജ രമേഷിന്റെ സംഗീത പരിപാടി അരങ്ങേറും. പൂജ രമേഷിന് ഹെൽത്ത് ചാംപ്യൻ അവാർഡ് സമ്മാനിക്കും. കൂടുതൽ വിവരങ്ങൾക്ക് 9847062016, 9048099957 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് റോട്ടറി ഡിസ്ട്രിക്ട് ചെയർ പോസിറ്റീവ് ഹെൽത്ത് ഡോ. എ. ശ്രീകുമാർ അറിയിച്ചു.

# നെക്സ്റ്റ് ജനറേഷൻ ലൈറ്റിംഗ് ഉൽപ്പന്നങ്ങൾ പുറത്തിറക്കി ഓറിയന്റ് ഇലക്ട്രിക്

**കൊച്ചി:** സി.കെ ബിർള ഗ്രൂപ്പിന്റെ ഭാഗമായ ഓറിയന്റ് ഇലക്ട്രിക് ലിമിറ്റഡ് ഉത്സവ സീസണിന്റെ ആരംഭത്തിൽ, ഉപഭോക്താക്കളുടെ മാറുന്ന ഇഷ്ടങ്ങളെയും പ്രാദേശിക ട്രെൻഡുകളെയും തൃപ്തിപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത ലൈറ്റിംഗ് സൊല്യൂഷനുകളുടെ വിപുലമായ ശ്രേണി പുറത്തിറക്കി. സമീപകാല ഉപഭോക്തൃ ട്രെൻഡുകൾ സൂചിപ്പിക്കുന്നത്, രൂപകൽപ്പനയും ഊർജ്ജക്ഷമതയും, ഉയർന്ന വാട്ടേജും, കണ്ണുകൾക്ക് സുഖപ്രദമായ

വെളിച്ചവും ഒരുമിക്കുന്ന ലൈറ്റുകളിലേക്കുള്ള മാറ്റമാണെന്ന് ഓറിയന്റ് ഇലക്ട്രിക്കിന്റെ മാനേജിംഗ് ഡയറക്ടറും

സി.ഇ.ഒ.യുമായ രവീന്ദ്ര സിംഗ് നേഗി അഭിപ്രായപ്പെട്ടു. സ്മാർട്ട് ലൈറ്റിംഗ് സ്വീകരിക്കുന്നതും വർദ്ധിച്ചു വരുന്നു, ഗെയിമിംഗ് സജ്ജീകരണങ്ങൾ, വർക്ക് ഫ്രം ഹോം ഇടങ്ങൾ, പാർട്ടി ലൈറ്റിംഗ് എന്നിവയ്ക്കായുള്ള മൂഡ് ക്രമീകരണങ്ങൾ വളരുന്ന പ്രവണതയാണ്. ഓറിയന്റ് ഇലക്ട്രിക്കിന്റെ വികസിപ്പിച്ച ഉൽപ്പന്ന പോർട്ട്ഫോളിയോ

ഈ ട്രെൻഡുകളെല്ലാം ഉൾക്കൊള്ളുകയും ആധുനിക വീടുകൾക്കായി പൂർണ്ണമായ സൊല്യൂഷനുകൾ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

## സ്ത്രീകൾക്ക് തൊഴിൽ പരിശീലനം

**കൊച്ചി:** നാടൻ പലഹാരങ്ങൾ തയ്യാറാക്കുന്നതിൽ ഇസാഫ് ഫൗണ്ടേഷൻ സ്ത്രീകൾക്ക് പരിശീലനം നൽകുന്നു. 28ന് കൊച്ചിയിലെ ഇസാഫ് ട്രെയിനിംഗ് സെന്ററിലാണ് പരിശീലനം. വിവരങ്ങൾക്ക്, 9072600771.

## വിൻസോ സോ ഗോൾഡ് അവതരിപ്പിച്ചു

WINZO

**കൊച്ചി:** 250 ദശലക്ഷത്തിലേറെ ഉപഭോക്താക്കളുള്ള രാജ്യത്തെ ഏറ്റവും വലിയ ഇന്ററാക്ടീവ് വിനോദ സംവിധാനമായ വിൻസോ, സോ ഗോൾഡ് അവതരിപ്പിച്ചു. കേവലം രണ്ടു രൂപ മുതൽ സ്വർണത്തിൽ നിക്ഷേപിച്ച് തുടക്കം കുറിക്കാൻ ഇന്ത്യയിലെ 500 ദശലക്ഷത്തിലേറെ വരുന്ന ഡിജിറ്റൽ ഉപഭോക്താക്കളെ അനുവദിക്കുന്ന വിപ്ലവകരമായ മാറ്റമാണിത്. സോ ഗോൾഡിലൂടെ ദൈനംദിന ഡിജിറ്റൽ നീക്കങ്ങളെ മാറ്റിമറിക്കുന്നതാണ് വിൻസോയുടെ ഈ നീക്കം. സോ ഗോൾഡിലൂടെ ഉപയോക്താക്കൾക്ക് തൽക്ഷണം സ്വർണം വാങ്ങാനും സൂക്ഷിക്കാനും സ്വർണത്തെ ഡിജിറ്റലായി നിരീക്ഷിക്കാനും സാധിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. മൈക്രോ അക്കൗണ്ടുകൾ വഴി നിക്ഷേപിക്കാനും തുടർ നിക്ഷേപങ്ങൾ (എസ്.ഐ.പികൾ) നടത്താനും സാധിക്കും. സമ്പത്ത് സൃഷ്ടിക്കുകയെന്നത് ലളിതമാക്കുകയും എല്ലാവരേയും ഉൾപ്പെടുത്തിയുള്ളതും എല്ലാവർക്കും പര്യാപ്തമായ നിലയിലാക്കുകയും പ്രത്യേകിച്ച് രാജ്യത്തെ ചെറു പട്ടണങ്ങളിലുള്ള യുവ പ്രൊഫഷണൽമാരേയും ആദ്യ തവണ നിക്ഷേപം നടത്തുന്നവരേയും പിന്തുണക്കുകയുമാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ നടക്കുന്ന ഓരോ 200 യുപിഐ ഇടപാടുകളിൽ ഒന്നു വീതം എന്ന നിലയിലുള്ള ഈ സംവിധാനത്തിന്റെ വിശ്വാസ്യത, ലഭ്യത, ഉപഭോക്താക്കളുടെ ആത്മവിശ്വാസം തുടങ്ങിയവയാണ് ഇവിടെ പ്രയോജനപ്പെടുത്തുന്നതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

## ഹൈലൈറ്റ് മാൾ ഹാലോവീൻ ഇവന്റ് 26ന്

**കോഴിക്കോട്:** ഹൈലൈറ്റ് മാൾ സംഘടിപ്പിക്കുന്ന ഹാലോവീൻ ഇവന്റ് 'ഹാലോവ്ക' ഒക്ടോബർ 26ന് നടക്കും. ഹൈലൈറ്റ് മാളിൽ ഉച്ചയ്ക്ക് ഒന്നു മുതൽ നടക്കുന്ന പരിപാടിയിൽ അഞ്ച് വയസിന് മുകളിൽ പ്രായമുള്ള എല്ലാവർക്കും പങ്കെടുക്കാം. ഡി.ജെ ഡെയ്സി, ഡി.ജെ രാജു, ഡി.ജെ സാകബ്, ഡി.ജെ വരാഹ എന്നിവരുടെ മ്യൂസിക് ഡി.ജെ പ്രോഗ്രാമും കാരിക്കേച്ചർ ആൻഡ് ഫെയ്സ് പെയിന്റിങ് കോർണറും, ഹാലോവീൻ കോസ്റ്റിയും പരേഡ്, വിവിധ ഗെയിമുകൾ, ഫോട്ടോ ബൂത്തുകൾ തുടങ്ങിയവയും പരിപാടിയുടെ ഭാഗമായി ഒരുക്കുന്നുണ്ട്. ഏറ്റവും മികച്ച ഹാലോവീൻ കോസ്റ്റ്യൂമിന് സമ്മാനവും നൽകും. 299 രൂപ മുതൽ ബുക്ക് മൈ ഷോ, ഹൈലൈറ്റ് മാൾ ആപ്പ് എന്നിവ മുഖേനെ ടിക്കറ്റുകൾ ബുക്ക് ചെയ്യാം.

## ആക്സിസ് ബാങ്കും ഹിറ്റാച്ചി പെയ്മെന്റ് സർവ്വീസസും ധാരണയിൽ



**കൊച്ചി:** പുതുതലമുറ ബാങ്കിങ് ആശയമായ എക്സ്പ്രസ് ബാങ്കിങ് വഴി രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ ബാങ്കിങ് പോയിന്റിനു തുടക്കം കുറിക്കാൻ ആക്സിസ് ബാങ്കും ഹിറ്റാച്ചി പെയ്മെന്റ് സർവ്വീസസും സഹകരണമാരംഭിച്ചു. സെൽഫ് സർവ്വീസ്, അസിസ്റ്റഡ് രീതികളിലുള്ള പ്രവർത്തനങ്ങൾക്ക് ഇതു പിന്തുണ നൽകും. ഉപഭോക്താക്കൾക്ക് എല്ലാ ദിവസവും 24 മണിക്കൂറും പ്രവർത്തിക്കുന്ന എക്സ്പ്രസ് ബാങ്കിങിലേക്കു ചെല്ലുകയും പുതിയ ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുകയും കാർഡുകൾ നേടുകയും സ്ഥിര നിക്ഷേപങ്ങൾ ആരംഭിക്കുകയും വായ്പകൾക്ക് അപേക്ഷിക്കുകയും ചെയ്യാം. കേവലം സാങ്കേതികവിദ്യാ രംഗത്തെ ഒരു പുതുമ മാത്രമല്ല ഡിജിറ്റൽ ബാങ്കിങ് പോയിന്റെന്ന് ആക്സിസ് ബാങ്ക് ബ്രാഞ്ച് ബാങ്കിങ് വിഭാഗം മേധാവി റെയ്നോൾഡ് ഡിസൂസ പറഞ്ഞു. പുതിയൊരു ആശയത്തെയാണിതു പ്രതിനിധാനം ചെയ്യുന്നത്. വൻ നഗരങ്ങളിലായാലും ഗ്രാമീണ മേഖലകളിലായാലും ഉപഭോക്താക്കൾക്ക് സ്മാർട്ടും സുസ്ഥിരവും വിശ്വസനീയവുമായ ബാങ്കിങ് അനുഭവങ്ങൾ ലഭ്യമാകുന്നു എന്ന് ഈ കിയോസ്ക് ഉറപ്പു വരുത്തുമെന്നും അദ്ദേഹം പറഞ്ഞു.



# മലബാർ ഗ്രൂപ്പിന്റെ രണ്ടാമത്തെ ഗ്രാൻഡ്മാ ഹോം തൃശൂരിൽ തുടങ്ങി

**കോഴിക്കോട്:** മലബാർ ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ അഗതികളായ അമ്മമാരെ സംരക്ഷിക്കുന്നതിനായി കേരളത്തിലെ രണ്ടാമത്തെ ഗ്രാൻഡ്മാ ഹോം തൃശൂരിലെ വരന്തരപ്പിള്ളിയിൽ പ്രവർത്തനം തുടങ്ങി. മലബാർ ഗ്രൂപ്പിന്റെ സിഎസ്ആർ പ്രവർത്തനങ്ങളുടെ ഭാഗമായാണ് ഗ്രാൻഡ്മാ ഹോമുകൾ സ്ഥാപിക്കുന്നത്.

കോഴിക്കോട് ആസ്ഥാനമായുള്ള തണൽ സന്നദ്ധ സംഘടനയുമായി സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. വരന്തരപ്പിള്ളിയിലെ വടക്കുംമുറിയിലാണ് ഗ്രാൻഡ്മാ ഹോം. കഴിഞ്ഞ ദിവസം നെടുമ്പാശേരിയിലെ ശ്രീമൂലനഗരത്തിൽ കേരളത്തിലെ ആദ്യത്തെ ഗ്രാൻഡ്മാ ഹോം ആരംഭിച്ചിരുന്നു. ബംഗളുരുവിലും ഹൈദരാബാദിലും ഗ്രാൻഡ്മാ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്.

വയനാട്ടിലും കോഴിക്കോട്ടെ കൊടുവള്ളിയിലും ഫറോക്കിലും ഗ്രാൻഡ്മാ ഹോമുകളുടെ നിർമാണം നടന്നുവരികയാണ്. ഇന്ത്യയിലെ മറ്റ് പ്രധാന നഗരങ്ങളിലും ഗ്രാൻഡ് ഹോം പദ്ധതി നടപ്പാക്കും.

റവന്യു മന്ത്രി കെ.രാജൻ തൃശൂരിലെ ഗ്രാൻഡ് ഹോമിന്റെ ഉദ്ഘാടനം നിർവഹിച്ചു. മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി അഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. തണൽ ചെയർമാൻ ഡോ.വി. ഇദ്‌രീസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

വരന്തരപ്പിള്ളി പഞ്ചായത്ത് പ്രസിഡൻറ് കലാപ്രിയ സുരേഷ്, കല്യാൺ സിൽക്സ് സിഎംഡിയും തൃശൂർ ചേംബർ ഓഫ് കോമേഴ്സ് പ്രസിഡൻറുമായ ടി.എസ് പട്ടാഭിരാമൻ, ഷൈജു പട്ടിക്കാട്ടുകാരൻ, കെ.എസ്. അനിൽ, മലബാർ ഗ്രൂപ്പ് റീട്ടെയിൽ ഓപറേഷൻസ് ഹെഡ് ആർ. അബ്ദുൾ ജലീൽ, സോളിഡിറ്റി ആൻഡ് പ്രോജക്ട് ഹെഡ് യാഷിർ ആദിരാജ, ഗ്രൂപ്പ് ഹെഡ് (മാനുഫാക്ചറിംഗ്) എ. ഇളങ്കോവൻ, റീജണൽ ഹെഡ് (കേരള) എം.പി.സുബൈർ, എം.എ മുഹമ്മദ്, പി.കെ ജലീൽ, സി.പി സാലിഹ്, ബക്കർ, അബ്ദുൾ ജബ്ബാർ, പി.എ. അബ്ദുൾ റഹ്മാൻ, പി.ബി. നവാസ് ഖാൻ, വി.എ ഹസൻ, നൗഷാദ്, എൻജിനീയർ പി.കെ ബഷീർ, എ.കെ മൺസൂർ, എം.എം മൊയ്തീനുണ്ണി, സി.എ സലീം, സി.എ ബഷീർ തുടങ്ങിയവർ പങ്കെടുത്തു.

# ദീപാവലി ; 24 മണിക്കൂറിനകം വിറ്റത് ലക്ഷം കാറുകൾ



**മുംബൈ:** ഇത്തവണ ദീപാവലി പടക്കം പൊട്ടിച്ചുതുടങ്ങിയത് രാജ്യത്തെ വാഹന വിപണിയാണ്. 24 മണിക്കൂറിനിടെ ഒരു ലക്ഷത്തിലേറെ കാറുകൾ വിൽപന നടത്തിയാണ് ആഘോഷ പൂത്തിരിക്ക് തിരികൊളുത്തിത്. അഞ്ച് ദിവസത്തെ ദീപാവലി ആഘോഷത്തിന് തുടക്കം കുറിക്കുന്ന ധൻതേരസ് ദിവസമാണ് ഇത്രയും കാറുകൾ ഉപഭോക്താക്കൾ സ്വന്തമാക്കിയത്.

ശനിയാഴ്ച ഉച്ച മുതൽ ഞായറാഴ്ച ഉച്ചവരെയായിരുന്നു ധൻതേരസ് സമയം. വാഹനങ്ങളും ആഭരണങ്ങളും മറ്റും വാങ്ങാൻ ഏറ്റവും ശുഭ മുഹൂർത്തമായി ഉത്തരേന്ത്യക്കാർ കരുതുന്ന ദിവസമാണ് ധൻതേരസ്. ഒറ്റ ദിവസം കൊംണ്ട് 10,000 കോടിയോളം രൂപയുടെ വിൽപന നടന്നു. ശരാശരി 8.5 മുതൽ 10 ലക്ഷം രൂപ വരെ വിലയുള്ള കാറുകളാണ് ഏറ്റവും കൂടുതൽ വാങ്ങിയത്. മുൻനിര വാഹന നിർമാതാക്കളായ മാരുതി സുസുകിയും ടാറ്റ മോട്ടോർസും ഹ്യൂണ്ടായ് മോട്ടോർസും റെക്കോഡ് വിൽപന കൈവരിച്ചു.

ആദ്യമായി 50,000ലേറെ കാറുകൾ വിറ്റ് മാരുതിയും ചരിത്രം കുറിച്ചു. കഴിഞ്ഞ ധൻതേരസ് ദിവസം 42,000 വാഹനങ്ങളാണ് കമ്പനി വിൽപന നടത്തിയത്.ജി.എസ്.ടി വെട്ടിക്കുറച്ചതും വാഹന കമ്പനികൾ നൽകിയ ഓഫറുകളും ലളിതമായ വായ്പ പദ്ധതികളുമാണ് റെക്കോഡ് നേട്ടം സ്വന്തമാക്കാൻ സഹായിച്ചത്. ഇതാദ്യമായാണ് ഒറ്റ ദിവസം കൊണ്ട് ഇത്രയേറെ വാഹനങ്ങൾ വിൽക്കുന്നതെന്ന് ഓട്ടോമൊബൈൽ ഡീലേഴ്സ് അസോസിയേഷൻസ് ഫെഡറേഷൻ വൈസ് പ്രസിഡന്റ് സായ് ഗിരിധർ പറഞ്ഞു. വാഹന വിപണിയെ സംബന്ധിച്ച് ചരിത്രത്തിലെ ഏറ്റവും മികച്ച ദീപാവലി സീസണാണിതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇതിന് മുമ്പ് ഒറ്റ ദിവസം കൊണ്ട് 80,000 വാഹനങ്ങൾ മാത്രമാണ് വിൽപന നടത്താൻ കഴിഞ്ഞിട്ടുള്ളത്.



# മലബാർ ഗോൾഡ് ഇന്ത്യയിൽ പുതിയ ഷോറൂമുകൾ തുറന്നു

**ദുബൈ:** മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ആഗോള വിപുലീകരണ പദ്ധതിയുടെ ഭാഗമായി ഇന്ത്യയിൽ രണ്ട് പുതിയ ഷോറൂമുകളും നവീകരിച്ച ഒരു ഷോറൂമും പ്രവർത്തനം ആരംഭിച്ചു. പശ്ചിമ ബംഗാളിലെ ദുർഗാപൂരിലും രാജസ്ഥാനിലെ കോട്ടയിലും ആണ് പുതിയ ഷോറൂമുകൾ. ഡൽഹിയിലെ പിതംപുരയിലാണ് നവീകരിച്ച ഷോറൂം ആരംഭിച്ചത്.

പശ്ചിമ ബംഗാളിലെ ഷോറൂം ഉദ്ഘാടനം പ്രശസ്ത ബംഗാളി നടിയും മലബാർ ഗോൾഡ് ബ്രാൻഡ് അംബാസഡറുമായ രുക്മിണി മായത്ര നിർവഹിച്ചു. രാജസ്ഥാനിലെ ഷോറൂം എം.എൽ.എ സന്ദീപ് ശർമ ഉദ്ഘാടനം ചെയ്തു. ഡൽഹിയിലെ നവീകരിച്ച് മാറ്റി സ്ഥാപിച്ച ഷോറൂം ബോളിവുഡ് താരം അനിൽ കപൂർ ഉദ്ഘാടനം ചെയ്തു.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഇന്ത്യ ഓപറേഷൻസ് മാനേജിങ് ഡയറക്ടർ ഒ. ആഷർ, റീട്ടെയിൽ ഓപറേഷൻസ് ഹെഡ് പി.കെ സിറാജ്, റീജനൽ ഹെഡ് എൻ.കെ ജിഷാദ്, മറ്റ് മാനേജ്മെൻറ് ടീം അംഗങ്ങൾ, ഉപഭോക്താക്കൾ, അഭ്യുദയകാംക്ഷികൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു. ഇന്ത്യയിലെ വർധിച്ചുവരുന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ട് ആരംഭിച്ച പുതിയ ഷോറൂമുകൾ മികച്ച ജ്വല്ലറി ഷോപ്പിങ് അനുഭവമാണ് പ്രദാനം ചെയ്യുന്നത്. 25ലധികം എക്സ്ക്ലൂസിവ് ബ്രാൻഡുകളും ആഭരണ ശേഖരങ്ങളും ബ്രൈഡൽ വെയർ, ഒക്കേഷനൽ വെയർ, ഡെയ്‌ലി വെയർ എന്നിവക്കിണങ്ങുന്ന ലോകമെമ്പാടുമുള്ള ഡിസൈനുകളുള്ള വിപുലമായ ആഭരണ ശേഖരങ്ങളും ഈ ഷോറൂമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com